ഒരു സബ് കമ്മിറ്റി ഉണ്ടാക്കി എന്നു പറയുന്നു. ശരിക്ക് പറഞ്ഞാൽ ഒരു ഇനാക്ഷൻ റിപ്പോർട്ടാണത്. ആ സബ് കമ്മിറ്റി ഇപ്പോഴില്ല. ഗവൺമെന്റ് മുയലിന്റെകൂടെ ഓടുകയും വേട്ടപ്പട്ടിയുടെ കൂടെ വേട്ടയാടുകയുമാണ്. ഈ ഒളിച്ചുകളി അവസാനിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് നടപ്പിലാക്കാൻ വേണ്ടിയുള്ള ആത്മാർത്ഥത ഏറ്റവും വൈകിയ ഈ വേളയിലെങ്കിലും ഗവണ്മെന്റ് കാണിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, റിപ്പോർട്ട് 12-6-2002-ന് മേശപ്പുറത്ത് വച്ചു. അതു കഴിഞ്ഞ് ഇങ്ങോട്ട് കാലതാമസമുണ്ടായിയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ ഞാൻ ഇല്ല എന്ന് പറയത്തില്ല. പക്ഷേ, കാലതാമസത്തിന് ബഹുമാനപ്പെട്ട മെമ്പർക്കും മെമ്പറുടെ കൂടെയിരിക്കുന്നവർക്കും പങ്കുണ്ടെന്ന് അങ്ങ് സമ്മതിക്കണം. മേശപ്പുറത്ത് ഈ റിപ്പോർട്ട് ചർച്ചയ്ക്കായി വച്ചു. ഞാൻ കാലതാമസത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തുകൊണ്ട് പറയുകയാണ്. പക്ഷേ, സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും മാറരുത്. അന്ന് ആ റിപ്പോർട്ട് വച്ചതിന്റെ കൂടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചതാണ്. മൂന്ന് കൊല്ലം കഴിഞ്ഞാണ് .....(ബഹളം).....അത് ഇന്നാണോ ചോദ്യം ചെയ്യുന്നത്? അതുകൊണ്ട് സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞു മാറേണ്ട എന്നാണ്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 2-ഉം 5-ഉം 13-ഉം ക്ലബ് ചെയ്യുന്നു.

സംസ്ഥാനത്തെ പേറ്റന്റ് സെൽ

*3 [2] ശ്രീ. എൻ. ഡി. അപ്പച്ചൻ:
" ടി. യു. രാധാകൃഷ്ണൻ:
" വി. ജെ. പൗലോസ്:
" കെ. എ. ചന്ദ്രൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു പേറ്റന്റ് സെൽ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; KNPP. 28/2005;

(ബി) അത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞോ; എങ്കിൽ ഇതിനകം എത്തെല്ലാം പ്രവർത്തനം നടത്തി എന്ന് അറിയിക്കുമോ;

(സി) കാർഷിക ഔഷധ ഉൽപ്പന്നങ്ങൾക്ക് പേറ്റന്റിനുവേണ്ടിയുള്ള അപേക്ഷ ലോക വ്യാപാര സംഘടനയ്ക്ക് ലഭിക്കേണ്ടത് എന്നുമുതലാണ്;

(ഡി) ആ തീയതിയിൽ സംസ്ഥാനത്തുള്ള ഏതെല്ലാം ഉൽപ്പന്നങ്ങൾക്ക് പേറ്റന്റ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഉണ്ട്. 7-7-2003-ൽ

(ബി) ആരംഭിച്ചു കഴിഞ്ഞു. ആയുർവേദത്തിൽ ഉപയോഗിച്ചിട്ടുള്ള കേരളീയമായ ഔഷധ സസ്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ഡബ്ല്യൂ.റ്റി.ഒ.-യ്ക്ക് നൽകാനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയുർവേദ ചികിത്സകൾ, ഔഷധങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ പരാമർശങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ, താളിയോലകൾ എന്നിവ കണ്ടെത്തുന്നതിനും അവയുടെ ഡിജിറ്റലൈസേഷനുമുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(സി) 1995 ജനുവരി 1 മുതൽ

(ഡി) ഈ വിവരം സർക്കാരിൽ ലഭ്യമല്ല. പേറ്റന്റിനായിട്ടുള്ള അപേക്ഷകൾ, വ്യക്തികൾ, കമ്പനികൾ തുടങ്ങിയവ നേരിട്ടാണ് സമർപ്പിക്കേണ്ടത്.

പേറ്റന്റ് ലഭ്യമാക്കാനുള്ള നടപടി

*4 [5] ശ്രീ. എ. സുജനപാൽ:

„ എം. പി. ഗംഗാധരൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യ ലോക വ്യാപാര സംഘടനയിൽ ഒപ്പുവച്ച തീയതി മുതൽ എത്ര കാലമാണ്, പേറ്റന്റ് നിയമമനുസരിച്ച് പേറ്റന്റ് ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് കിട്ടുന്ന ട്രാൻസിഷണൽ പീരിയഡ് എന്ന് അറിയിക്കുമോ;

(ബി) ഈ കാലാവധി എന്ന് പൂർത്തിയാകും;

(സി) അതിനുള്ളിൽ സംസ്ഥാനത്തുള്ള ഏതെല്ലാം ഔഷധങ്ങൾ, ഔഷധ വിജ്ഞാനങ്ങൾ, ചെടികൾ എന്നിവയെപ്പറ്റിയുള്ള പഠനം നടത്തി പേറ്റന്റ് ലഭിക്കാനുള്ള അപേക്ഷ തയ്യാറാക്കാൻ സംസ്ഥാനത്തെ പേറ്റന്റ് സെല്ലിനും ആയുർവ്വേദ-വനം വകുപ്പുകൾക്കും കഴിഞ്ഞിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ ആന്റ് ബി) ട്രാൻസിഷണൽ പീരിയഡ് 31-12-2004 വരെ ആയിരുന്നു. എന്നാൽ അപേക്ഷിക്കുന്നതിന് ഈ കാലാവധി ബാധകമല്ല.

(സി) ആയുർവേദത്തിൽ ഉപയോഗിച്ചിട്ടുള്ള കേരളീയമായ ഔഷധ ചെടികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഡബ്ല്യൂ.റ്റി.ഒ.-യ്ക്ക് നൽകാനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പേറ്റന്റ് സെൽ ഇപ്പോൾ ഡിഫെൻസീവ് ഡേറ്റാബേസ് ആണ് നിർമ്മിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly